<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
18-10-2015

# വൈദ്യുതി ബോർഡിൽ ഇടതു മേധാവിത്വം അവസാനിപ്പിക്കാൻ യു.ഡി.എഫ് അനുകൂല സംഘടനകൾ ഒറ്റക്കെട്ട്

വൈദ്യുതി ബോർഡിൽ ഈ മാസം 20 ന് നടക്കുന്ന റഫറണ്ടത്തിൽ എം.എസ്.റാവുത്തർ നയിച്ചിരുന്ന കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.റ്റി.യു.സി) നേതൃത്വത്തിൽ യു.ഡി.എഫ് അനുകൂല ട്രേഡ് യൂണിയൻ സംഘടനകൾ ഒറ്റക്കെട്ടായി യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് എന്ന പേരിൽ നമ്പർ. 5ൽ മത്സരിക്കുകയാണെന്ന് ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് അറിയിച്ചു. യു.ഡി.എഫിന് അനുകൂലമായ വോട്ടുകൾ ഒന്നാക്കുന്നതിനും അതിലൂടെ ഇടതു മേധാവിത്വം അവസാനിപ്പിക്കാനുമാണ് യു.ഡി.എഫ് അനുകൂല ട്രേഡ് യൂണിയനുകളായ കെ.ഇ.ഇ.സി യുടെ ഡി.കെ.രവി വിഭാഗം, മുസ്ലീം ലീഗിന്റെ ട്രേഡ് യൂണിയനായ കെ.എസ്.ഇ.ബി എംപ്ലോയീസ് ഓർഗനൈസേഷൻ (എസ്.റ്റി.യു), കേരളാ പവർ വർക്കേഴ്സ് കോൺഗ്രസ്സ് എന്നീ സംഘടനകളുമായി യോജിച്ച് യു.ഡി.ഇ.ഇ.എഫ് ആയി മത്സരിക്കുന്നത്. കൂടാതെ യു.റ്റി.യൂസി യുടെ പിന്തുണയുമുണ്ട്. 2012 ൽ കെ.എസ്.ആർ.ടി.സി യിൽ നടന്ന റഫറണ്ടത്തിൽ യു.ഡി.എഫ് അനുകൂല സംഘടനകൾ റ്റി.ഡി.എഫ് ആയി മത്സരിച്ചപ്പോൾ വൻ വിജയം നേടി. 2003 ൽ കെ.എസ്.ഇ.ബി യിൽ നടന്ന റഫറണ്ടത്തിൽ യു.ഡി.ഇ.ഇ.എഫ് എന്ന പേരിൽ മത്സരിച്ച് 17% വോട്ട് ലഭിച്ചിരുന്നു. നിലവിൽ അംഗീകാരത്തിന് പോൾ ചെയ്യുന്നതിന്റെ 15% മതി. യു.ഡി.എഫ് സർക്കാരിന്റെ കാലങ്ങളായിട്ടുള്ള തൊഴിലാളി ക്ഷേമ പദ്ധതികൾ ഈ റഫറണ്ടത്തിൽ അനുകൂലമാകുമെന്നും അതുവഴി യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് വൈദ്യുതി ബോർഡിലെ ഏറ്റവും വലിയ കക്ഷിയാകുമെന്നും അറിയിച്ചു.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578